# റിയൽ ലൈഫ് വോയ്സ്


R E A L   L I F E   V O I C E

Monthly

Volume 15
Issue 3

**March 2026**

Price:Rs.5/-
Pages 24


"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**


REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

| Volume 15 | Issue 3 | February 2026 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. Sebastian M.V.** (PhD)

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in



**Book No.**
**171**


## ഉള്ളടക്കം

പേജ്


- സഭയിൽ പെരുമാറ്റച്ചട്ടമുണ്ട് 3
- പ്രതികരണങ്ങൾ 7
- ആസ്യയിലെ ഏഴ് സഭകൾ (25) 9
- കുടുംബജീവിതം: പ്രായോഗികചിന്തകൾ(5) 12
- ഒരുമിച്ച് 50 വർഷങ്ങൾ (Episode 5) 15
- ഇമ്മാനുവിന്റെ സംശയങ്ങൾ (48) 18
- ഓർമ്മകൾ (44) 20
- നിർബന്ധിത മതപരിവർത്തനം 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



# എഡിറ്റോറിയൽ



## സഭയിൽ പെരുമാറ്റച്ചട്ടമുണ്ട്

സഭയിൽ പലരുടെയും പെരുമാറ്റം കണ്ടാൽ ചീട്ടുകളിക്ലബ്ബിൽ വന്നിരിക്കുന്ന മൂഡിലാണെന്നു തോന്നും. സഭാശുശ്രൂഷകന്മാരുമായുള്ള കൂടിക്കാഴ്ചകളിൽ എത്രയോ പേർ പങ്കുവച്ച അഭിപ്രായമാണിത്. ദൈവസഭയിൽ ഓരോ വിശ്വാസിയും നന്നായി പെരുമാറണം. ഈ കാര്യത്തിൽ പലരും, പ്രത്യേകിച്ച് യുവതലമുറ, പലപ്പോഴും അമ്പേ പരാജയമാണെന്ന കാര്യം തർക്കമില്ലാത്ത വസ്തുതയാണ്. മുതിർന്നവർ കാണിക്കുന്ന അലസമനോഭാവവും ഗൗരവമില്ലായ്മയും യുവജനങ്ങളെ ആ വിധമാക്കിത്തീർക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി കാണില്ല.

സഭയിലെ പെരുമാറ്റച്ചട്ടത്തെക്കുറിച്ച് സ്ഫുടമായി പറയുന്ന ഒരു വേദഭാഗം 1 തിമൊഥെയൊസ് 3:15–16 ആണ്.

> “സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു:
>
> അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു. എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു.”

സഭയിൽ നടക്കേണ്ടത് (പെരുമാറേണ്ടത് = behave) എങ്ങനെയെന്ന് യുവാവായ തിമൊഥെയൊസ് അറിയണം. അതിനുവേണ്ടിയാണ് അപ്പൊസ്തലനായ പൗലൊസ് ഇതെഴുതുന്നത്. തോന്നിയ പോലെ ഇടപെടേണ്ട സ്ഥലമല്ല ദൈവസഭ. അവിടെ ചില മര്യാദകൾ പാലിക്കേണ്ടതുണ്ട്. വീട്ടിൽ പെരുമാറുന്ന പോലെ അതിർവരമ്പുകളില്ലാത്ത പെരുമാറ്റം സഭയിൽ പാടില്ല. ദൈവസഭയിലെ പെരുമാറ്റത്തെ നന്നാക്കാൻ രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കാനാണ് പൗലൊസ് പറയുന്നത്: (1) സഭ എന്താണെന്ന് മനസ്സിലാക്കി പെരുമാറുക; (2) ദൈവഭക്തിയുടെ മർമ്മം മനസ്സിലാക്കി പെരുമാറുക

**(1) സഭ എന്താണെന്ന് മനസ്സിലാക്കി പെരുമാറുക**

സഭയെക്കുറിച്ച് മൂന്നു കാര്യങ്ങളാണ് ഇവിടെ പറയുന്നത്:

*1. സഭ സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്*

സത്യത്തിന് പ്രാധാന്യം കൊടുക്കാത്തവർ ദൈവസഭയിൽ വരരുത്. ജീവിതത്തിൽ സത്യം പാലിക്കണം. നാവെടുത്താൽ നുണ പറയുന്നവർക്ക് പറ്റിയ സ്ഥലമല്ല സഭ. മാത്രമല്ല, സാക്ഷ്യങ്ങൾ പറയുമ്പോഴും പ്രസംഗിക്കുമ്പോഴും ദൈവമഹത്വത്തിനുവേണ്ടി നുണകൾ പറയരുത്. നുണകൾ മാത്രം പറഞ്ഞ് ഉപജീവനമാർഗ്ഗം കണ്ടെത്തി ആഡംബരജീവിതം നയിക്കുന്ന 'ദൈവദാസന്മാർ' സഭയെ അപമാനിക്കുകയാണ്. കാരണം സഭ സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്. അവിടെയിരുന്ന് നുണകൾ വിളമ്പരുത്.

*2. സഭ ജീവനുള്ള ദൈവത്തിന്റേതാണ്*

കണ്ണുകാണാത്ത ദൈവമല്ല നമ്മുടേത്. അവിടുന്ന് ജീവനുള്ള ദൈവമാണ്. നാം കാണിക്കുന്നതെല്ലാം കാണുന്നുണ്ട്. നമ്മുടെ ആത്മാർത്ഥതയുടെ സത്യാവസ്ഥ തിരിച്ചറിയുന്നുണ്ട്. നമ്മുടെ ഭക്തിയുടെ യഥാർത്ഥ നില തിരിച്ചറിയുന്നുണ്ട്. ഈ ദൈവം ജീവനുള്ള ദൈവമായതുകൊണ്ട് ഈ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടിരിക്കണമെന്ന് ദാര്യാവേശ് കല്പന പുറപ്പെടുവിക്കുകയുണ്ടായി (ദാനിയേൽ 6:26). നമ്മുടേത് ജീവനുള്ള ദൈവമായതുകൊണ്ട് അവിശ്വാസമുള്ള ദുഷ്ടഹൃദയം നമുക്കില്ലാതെ നോക്കണമെന്ന് എബ്രായർ 3:12 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ജീവനുള്ള ദൈവത്തെ ആരാധിക്കേണ്ടത് ശുദ്ധമായ മനസാക്ഷിയോടെ വേണം (എബ്രായർ 9:14). ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് ഭയങ്കരം എന്ന് നാം ഓർക്കണം (എബ്രായർ 10:31).

*3. സഭ ദൈവത്തിന്റെ ആലയമാണ്*

ദൈവത്തിന്റെ വീട് (ആലയം = house) ആണ് സഭ. ആ വീട്ടിലെ നാഥൻ ദൈവമാണ്. നാമെല്ലാം അവിടെയുള്ള മക്കളും. അപ്പനെ ബഹുമാനിക്കാനും അനുസരിക്കാനും മക്കൾക്ക് കടമയുണ്ട്. ചിലരുടെ സഭായോഗത്തിലെ ശരീരഭാഷയും സംസാരവും കണ്ടാൽ തോന്നും അവരുടെ ആലയമാണ് സഭ എന്ന്! ദൈവത്തിന്റ വീട്ടിൽ കുടുംബനാഥനായ ദൈവം പറഞ്ഞ കാര്യങ്ങളാണ് നടപ്പിലാകേണ്ടത്.

മേല്പറഞ്ഞ മൂന്നു കാര്യങ്ങൾ ചുരുക്കിപ്പറയാം: (1) സഭയിൽ നുണകൾ വേണ്ട; (2) സഭയിൽ നാം ചെയ്യുന്നതെല്ലാം ദൈവം കാണുന്നുണ്ട്; (3) സഭയിൽ ദൈവവചനപ്രകാരമുള്ള കാര്യങ്ങൾ മാത്രമേ ആകാവൂ.

**(2) ദൈവഭക്തിയുടെ മർമ്മം മനസ്സിലാക്കി പെരുമാറുക**

ദൈവത്തോടുള്ള ഭക്തി ഇല്ലാത്തതാണ് പലരുടെയും പ്രശ്നം. ആ ഭക്തി വർദ്ധിപ്പിക്കുന്നതിന് കർത്താവിനെക്കുറിച്ചുള്ള 6 ചിന്തകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

*1. അവൻ (ദൈവം = God ⇨ KJV) ജഡത്തിൽ വെളിപ്പെട്ടു.*

സാക്ഷാൽ ദൈവം ശരീരരൂപമെടുത്തു വന്നതാണ് യേശുക്രിസ്തു. ഈ ചിന്ത നമ്മെ ഭരിച്ചാൽ ആരും ദൈവസഭയിൽ അലക്ഷ്യമായി പെരുമാറുകയില്ല. ദൈവസന്നിധിയിലാണ് നാം പെരുമാറുന്നത് എന്ന ബോധം നമ്മുടെ ദൈവത്തോടുള്ള ഭക്തി വർദ്ധിപ്പിക്കും. ഈ ബോധം ഇല്ലാത്തതുകൊണ്ട് പലർക്കും ഭക്തിയുമില്ല, പലരും സഭയ്ക്ക് തലവേദനയുമാണ്.

*2. (യേശുക്രിസ്തു) ആത്മാവിൽ നീതീകരിക്കപ്പെട്ടു*

പലരും പല കുറ്റങ്ങളും കർത്താവിൽ ആരോപിച്ചെങ്കിലും ദൈവാത്മാവിനാൽ കർത്താവ് നീതീകരിക്കപ്പെട്ടു. ചതിയൻ, തിന്നിയും കുടിയനുമായ മനുഷ്യൻ, ശബ്ബത്തിനെ ലംഘിക്കുന്നവൻ, ഭൂതമുള്ളവൻ, പാപികളായ ആളുകളോടുകൂടെ സമയം ചെലവഴിക്കുന്നവൻ, ന്യായപ്രമാണം ലംഘിക്കുന്നവൻ, ദൈവദൂഷണം പറയുന്നവൻ എന്നിങ്ങനെ കർത്താവിന്റെ മേൽ ധാരാളം കുറ്റങ്ങൾ ആരോപിക്കപ്പെട്ടിരുന്നു. എന്നാൽ ദൈവാത്മാവ് അതിനെയെല്ലാം തള്ളിക്കളഞ്ഞ് യേശു നീതിമാനാണെന്ന് പ്രഖ്യാപിച്ചു.

*3. (യേശുക്രിസ്തു) ദൂതന്മാർക്ക് പ്രത്യക്ഷനായി*

മരണത്തെ ജയിച്ചുയർത്തെഴുന്നേറ്റ യേശു ദൂതന്മാർക്ക് പ്രത്യക്ഷനായി. സ്വർഗ്ഗത്തിലെ ദൂതന്മാർക്ക് പ്രത്യക്ഷനായി എന്ന് അർത്ഥമെടുക്കാം. ലോകം മുഴുവൻ സുവിശേഷദൂതുമായി പോകേണ്ട തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി എന്നും മനസ്സിലാക്കാം. രണ്ടും ശരിയാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റതിന് അനേകം സാക്ഷികൾ ഉണ്ട് എന്നു സാരം. കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് വിശ്വസനീയമാണ്.

*4. (യേശുക്രിസ്തു) ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു*

യെഹൂദനുവേണ്ടി മാത്രമല്ല സകല ജനതകളുടെയും ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിലെ ജാതികൾ പല തരക്കാരും പല സ്വഭാവക്കാരുമാണ്. പക്ഷേ എല്ലാവരോടും സുവിശേഷം പ്രസംഗിച്ചു. നിത്യരക്ഷയിലേക്കുള്ള കവാടം എല്ലാവർക്കുമായി തുറന്നുകൊടുത്തത് ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്നു. ഏതെങ്കിലും പ്രത്യേക വിഭാഗത്തിനു മാത്രമായി അവതരിപ്പിക്കപ്പെട്ട രക്ഷകൻ അല്ല നമ്മുടെ കർത്താവ്.

*5. (യേശുക്രിസ്തു) ലോകത്തിൽ വിശ്വസിക്കപ്പെട്ടു*

ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടും കൊടിയ പീഡനങ്ങൾ ഉണ്ടായിട്ടും ലോകത്തിൽ അനേകർ ഈ കർത്താവിൽ വിശ്വസിച്ചു. ആളുകൾ കർത്താവിൽ വിശ്വസിക്കുന്നത് തടയാൻ ധാരാളം ശക്തികൾ എക്കാലത്തും പ്രവർത്തിച്ചിരുന്നു. വടിയെടുത്തും വാളെടുത്തും തീപ്പെട്ടിയെടുത്തും പുതുനിയമങ്ങൾ ഉണ്ടാക്കിയും ദൈവസഭയുടെ വളർച്ച തടയാൻ തീവ്രശ്രമം എന്നും ഉണ്ടായിരുന്നു. എന്നിട്ടും യേശുക്രിസ്തു ലോകത്തിൽ അനേകരാൽ സ്വീകരിക്കപ്പെട്ടു.

*6. (യേശുക്രിസ്തു) തേജസ്സിൽ എടുക്കപ്പെട്ടു*

കർത്താവ് എടുക്കപ്പെടുന്ന കാഴ്ച ശിഷ്യന്മാർ തങ്ങളുടെ കണ്ണിൽനിന്ന് മറയുന്നതുവരെ നോക്കിനിന്നു. അവിടുന്ന് ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നു. ഒരു ഒളിച്ചോട്ടമായിരുന്നില്ല അത്. അധികാരത്തോടെയുള്ള യാത്രയായിരുന്നു അത്. കണ്ണീരോടെയല്ല കർത്താവ് യാത്ര പറഞ്ഞത്. അതീവ മഹത്വത്തോടെയുള്ള യാത്രയായിരുന്നു അത്. പോയതുപോലെ മഹത്വത്തിൽ തന്നെ തിരിച്ചുവരും.

ഈ ആറ് കാര്യങ്ങളും നാം ധ്യാനിച്ചാൽ നമ്മുടെ ദൈവഭക്തി വർദ്ധിക്കും. സഭയിൽ നാം അലസരായും താത്പര്യമില്ലാത്തവരായും കാണപ്പെടുകയില്ല. സഭയിൽ നേരം വൈകി വരികയില്ല. അകാരണമായി സഭായോഗങ്ങൾ മുടങ്ങുകയില്ല. എല്ലാ സഭാപ്രവർത്തനങ്ങളിലും ആവോളം സജീവമായിരിക്കും. സഭയുടെ പ്രാധാന്യവും കർത്താവിന്റെ മഹത്വവും മനസ്സിലാക്കാതെ, അഭക്തരായി കഴിയുന്നവർ ദൈവസഭയിലെ പൊതുശല്യങ്ങളാണ്. അവർ എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. അവർ എപ്പോഴും വിഘടനവാദവുമായി മുമ്പിൽ വന്നുനിൽക്കും. മറ്റുള്ളവരിലേക്ക് കൂടി നിഷേധചിന്താഗതിയും താത്പര്യമില്ലായ്മയും അവർ വളർത്തും.

സഭയിൽ ഞാൻ കണ്ടിട്ടുള്ള ചില ആളുകൾ എങ്ങനെയുള്ളവരാണെന്നു വച്ചാൽ, അവർ യാതൊന്നും ചെയ്യുകയുമില്ല, മറ്റുള്ളവരെ ചെയ്യാൻ സമ്മതിക്കുകയുമില്ല. ചില തെമ്മാടിക്കോഴികൾ കോഴിക്കൂടിന്റെ വാതിൽക്കൽ കയറി ഒറ്റ ഇരുപ്പാണ്. അവർ കൂടിന്റെ അകത്ത് കടക്കുകയുമില്ല, മറ്റു കോഴികളെ അകത്ത് കടക്കാൻ അനുവദിക്കാതെ കൊത്തിയോടിക്കുകയും ചെയ്യും. ദൈവസഭ ആരുടെയും കുട്ടിക്കളിക്ക് യോജിച്ച സ്ഥലമല്ല. ഷൈൻ ചെയ്യുന്നതിനോ ഹീറോയിസം കാണിക്കുന്നതിനോ ഉള്ള വേദിയുമല്ല, ദൈവത്തെ മഹത്വപ്പെടുത്താനുള്ള വേദി മാത്രമാണെന്ന കാര്യം തിരിച്ചറിയുക. നമ്മുടെ സഭയിലെ പെരുമാറ്റം ദൈവഭക്തിയോടെ തന്നെയാണോ എന്നു പരിശോധിക്കുക.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Evg. T J Thomas, Pampady, Kottayam

ക്രൈസ്തവപ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ചെറിയൊരു പ്രസിദ്ധീകരണം. എന്നാൽ അതിന്റെ ഉള്ളടക്കം ഉള്ളിൽ തട്ടുന്നതും ചിന്താർഹവുമാണ്. ചൂണ്ടയിൽ ഒരു മീനല്ലേ കിട്ടൂ. അതുമതി. അത് കർത്താവിന്റെയും പത്രൊസിന്റെയും കരത്തിന്റെ (നികുതിയുടെ) കടം തീർക്കും. അതിന്റെ മഹത്വം വലിയതാണ്. റിയൽ ലൈഫ് വോയ്സ് എന്ന ചൂണ്ടയിൽ കിട്ടുന്ന മീൻ വായനക്കാർക്ക് തൃപ്തിയും കർത്താവിന് മഹത്വവും ആയിരിക്കും.

### Evg. T V Mathew, Melukavumattam, Kottayam

റിയൽ ലൈഫ് വോയ്സ് മാസിക എല്ലാ മാസവും എനിക്ക് കൃത്യമായി ലഭിക്കുന്നുണ്ട്. ലേഖനങ്ങൾ എല്ലാം നല്ല നിലവാരം പുലർത്തുന്നു. പ്രത്യേകിച്ച് പ്രായോഗികവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ബ്രദറിന്റെ എഡിറ്റോറിയൽ വായിച്ചാൽ പിന്നെ ബാക്കി വായിക്കാതിരിക്കാൻ കഴിയില്ല. സർവശക്തനായ ദൈവം ഈ ശുശ്രൂഷയെ ധാരാളമായി അനുഗ്രഹിക്കട്ടെ.


**യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിക്കുന്നു**

ബ്രദറൺസഭാബന്ധത്തിലുള്ള, വിശ്വസിച്ച് സ്നാനപ്പെട്ട, BSc Nurse 33 വയസ്സ്, ഇരുനിറം, ഉയരം 5'3" (സാമ്പത്തികശേഷി കുറവുള്ള കുടുംബമാണ്). സൗദിയിൽ Staff Nurse ആയി ജോലി ചെയ്യുന്നു.

**Contact:**

**92 07 06 35 32**

**98 47 90 89 25**

## STATEMENT

Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. | Publisher's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | Same as in 3 |
| 5. | Editor's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | Same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**

Publisher

17-03-2026

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Joseph K J, Hulimavu, Banglore | No reason given |
| T K Alice, Mission Quarters, Thrissur | No such person |
| Varghese A V, Angamaly, Ernakulam | Deceased |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

## www.reallifevoice.in

നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക.

## അഡ്രസ്സുകൾ അയച്ചുതരിക

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചുതരിക. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

# ആസ്യയിലെ ഏഴ് സഭകൾ

**25**

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## സർദ്ദിസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:1-6)

*എങ്കിലും ഉടുപ്പ് മലിനമാകാത്ത കുറെപേർ സർദ്ദിസിൽ നിനക്കുണ്ട് (3:4)*

ക്രിസ്ത്യാനിയുടെ ഉടുപ്പുകളെക്കുറിച്ച് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ആ ഉടുപ്പുകൾ മലിനമാകാതെ നാം നോക്കേണ്ടതുണ്ട്. അതിന് ആ ഉടുപ്പുകൾ ഏതെല്ലാമെന്ന് ആദ്യം നാം മനസ്സിലാക്കണം. മറ്റുള്ളവർ നമ്മെ നോക്കുമ്പോൾ ആ ഉടുപ്പുകൾ കാണണം.

**ഉടുപ്പുകൾ ഏതെല്ലാം?**

*1. ക്രിസ്തുവെന്ന വസ്ത്രം*

"ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:27). ഓരോ വിശ്വാസിയും അവന്റെ സ്വഭാവത്തിൽ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കണം. ക്രിസ്തുവെന്ന വസ്ത്രം ഒരാൾ ധരിച്ചാൽ പിന്നെ അയാളെ നോക്കുമ്പോൾ കാണുന്നത് ക്രിസ്തുവിനെ ആകണമല്ലോ. ക്രിസ്തുവെന്ന വസ്ത്രം ധരിക്കാതെ ഒരുവന് താൻ ക്രിസ്ത്യാനിയാണെന്ന് അവകാശപ്പെടാൻ സാധ്യമല്ല.

*2. പുതിയ മനുഷ്യനാകുന്ന വസ്ത്രം*

"സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെസ്യർ 4:24). സത്യവും നീതിയും വിശുദ്ധിയും ഇഷ്ടപ്പെടുന്നവരും പിന്തുടരുന്നവരും ആകണം ഓരോ വിശ്വാസിയും. അപ്രകാരമല്ലെങ്കിൽ, പുതുമനുഷ്യനാകുന്ന വസ്ത്രം ധരിച്ചിട്ടില്ലെന്നാണ് അതിന്റെ അർത്ഥം. എങ്കിൽ ഇപ്പോഴും പഴയ മനുഷ്യനെത്തന്നെയാണ് ധരിച്ചിരിക്കുന്നത് എന്നു പറയേണ്ടി വരും. അഥവാ, രക്ഷിക്കപ്പെട്ടിട്ടില്ലെന്നു പറയേണ്ടി വരും.

*3. മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവയാകുന്ന വസ്ത്രം*

"... മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചു കൊണ്ട്..." (കൊലൊസ്യർ 3:12). ഒരു ക്രിസ്ത്യാനിയോട് ഇടപെടുമ്പോൾ ഈ വക ഗുണങ്ങൾ മറ്റുള്ളവർ കാണണം. മറ്റുള്ളവർക്ക് ഇതൊന്നും ഒരു വിശ്വാസിയിൽ കാണാൻ കഴിഞ്ഞില്ലെങ്കിൽ, ഇങ്ങനെയൊരു വസ്ത്രം അവൻ ധരിച്ചിട്ടില്ലെന്നു വ്യക്തമാകുന്നു. അങ്ങനെയുള്ളയാൾ വിശ്വാസിയാകുന്നത് എങ്ങനെ?

*4. സ്നേഹം എന്ന വസ്ത്രം*

"എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" (കൊലൊസ്യർ 3:14). വിശ്വാസികൾ ഒരിക്കലും ക്രൂരന്മാരായും സ്നേഹമില്ലാത്തവരായും കാണപ്പെടാൻ പാടില്ല.

"...സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ... സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല... സ്നേഹമില്ല എങ്കിൽ എനിക്കൊരു പ്രയോജനവുമില്ല. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല..." (1 കൊരിന്ത്യർ 13-ാം അദ്ധ്യായം).

**ഉടുപ്പുകൾ മലിനമാകുന്നത് എങ്ങനെ?**

ഉടുപ്പ് ധരിച്ചിട്ടുണ്ട്; പക്ഷേ അത് മലിനപ്പെടാൻ സാധ്യതയുണ്ട്. അതിൽ കറയോ ചളിയോ പുരളാൻ സാധ്യതയുണ്ട്. കർത്താവിന്റെ മഹത്വത്തിന് കളങ്കം വരുത്തുന്ന രീതിയിൽ ഒരാൾ പെരുമാറിയാൽ ക്രിസ്തുവെന്ന വസ്ത്രം മലിനമാകുന്നു. സത്യവും നീതിയും വിശുദ്ധിയും പിൻപറ്റുന്നതിൽ എപ്പോഴെങ്കിലും വീഴ്ച വന്നാൽ പുതുമനുഷ്യനാകുന്ന വസ്ത്രം മലിനമാകുന്നു. മറ്റുള്ളവരോട് പെരുമാറുമ്പോൾ മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ കാണിക്കുന്നതിൽ വന്നുപോകുന്ന കുറവുകൾ, ആ വസ്ത്രം മലിനപ്പെടാൻ സംഗതിയാകുന്നു. സ്നേഹത്തോടെ പെരുമാറുന്നതിൽ വന്നുപോകുന്ന വീഴ്ചകൾ ആ വസ്ത്രത്തെയും മലിനമാക്കുന്നു.

ഉടുപ്പുകൾ നമ്മുടെ ശരീരത്തെ മറയ്ക്കുന്നു. ഉടുപ്പുകൾ മറ്റുള്ളവർക്ക് കാണാൻ കഴിയും. നമ്മളുമായി മറ്റുള്ളവർ ഇടപെടുമ്പോൾ നമ്മുടെ സ്വയത്തെയല്ല കാണേണ്ടത്, നമ്മുടെ വസ്ത്രത്തെയാണ്. ആ വസ്ത്രം മലിനമാകാതെ നാം സൂക്ഷിക്കണം. ഉടുപ്പ് ധരിക്കാത്ത ആളുകളും. ധരിച്ച ഉടുപ്പിൽ മാലിന്യം പുരണ്ടിരിക്കുന്ന ആളുകളും ഇന്ന് ക്രൈസ്തവലോകത്ത് ധാരാളമായി കാണപ്പെടുന്നത് നല്ല പ്രവണതയല്ല.

## ഉടുപ്പ് മലിനമാകാത്ത കുറെ പേർ

'കുറെ പേർ' എന്നതുകൊണ്ട് ഉദ്ദേശിച്ചത് 'കുറച്ചു പേർ' എന്നാണ്. കൂടുതലും ആളുകൾ ഉടുപ്പ് മലിനമായവരാണ്! ദൈവസഭയുടെ ഒരു അവസ്ഥ നോക്കൂ! പാട്ടും പ്രാർത്ഥനയും സുവിശേഷപ്രവർത്തനവും ഉപവാസവും സ്തോത്രക്കാഴ്ചയും എല്ലാം ഉണ്ട്. പക്ഷേ അതിൽ പങ്കെടുക്കുന്ന ഭൂരിഭാഗം ആളുകളും ഉടുപ്പ് മലിനമായവരാണ്. അഥവാ, സമൂഹത്തിന്റെ മുമ്പാകെ സാക്ഷ്യം നഷ്ടപ്പെട്ടവരാണ്. 'ഇവനോ വിശ്വാസി?' എന്നു മറ്റുള്ളവർ ചോദിക്കത്തക്ക വിധം ആരും പെരുമാററുത്.

കുറച്ചുപേരെങ്കിലും ഉടുപ്പു മലിനമാകാത്തവർ സർദ്ദിസിലെ സഭയിൽ ഉണ്ടായിരുന്നു. മലിനവസ്ത്രം ധരിച്ച ഭൂരിഭാഗത്തിന്റെ കൂടെ ഉടുപ്പ് മലിനമാകാത്ത കുറച്ചാളുകൾ കഴിഞ്ഞുപോകുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ആ ന്യൂനപക്ഷത്തെ പ്രോത്സാഹിപ്പിക്കുകയാണ് കർത്താവ്. ഭൂരിപക്ഷം വരുന്നവരുടെ സാക്ഷ്യമില്ലായ്മയെ പിന്തുടരാതെ, തങ്ങൾ എണ്ണത്തിൽ കുറഞ്ഞവരെങ്കിലും തങ്ങളുടെ വസ്ത്രത്തിൽ മാലിന്യം പടരാതെ സൂക്ഷിച്ച ദൈവമക്കൾ മറ്റുള്ളവർക്ക് മാതൃകയാകുന്നു.

എക്കാലത്തും ദൈവസഭയിൽ ഇതുപോലെ കുറച്ചു പേർ ഉണ്ടാകും. സഭയിലെ വിശ്വാസികൾ എന്നറിയപ്പെടുന്നവരിൽ ഭൂരിഭാഗം പേരും മലിനമായ വസ്ത്രത്തോടെ നടന്ന് ദൈവനാമത്തിന് അപമാനം വരുത്തുമ്പോൾ, തങ്ങളിലേക്കൊതുങ്ങി, കർത്താവിലാശ്രയിച്ച് തങ്ങളുടെ വസ്ത്രം മലിനപ്പെടാതെ കാത്തുസൂക്ഷിക്കുന്ന കുറച്ചുപേർ! അവരുടെ ഭക്തിയും സ്വഭാവത്തിലെ നൈർമ്മല്യവും പലപ്പോഴും വിമർശിക്കപ്പെടും; തെറ്റിദ്ധരിക്കപ്പെടും; പരിഹസിക്കപ്പെടും. എങ്കിലും തളർന്നുപോകാതെ, കർത്താവിലേക്ക് നോക്കി ഇക്കൂട്ടർ പരിഹാസികളായ വിമർശകരുടെ കൂട്ടത്തിൽ നിശബ്ദരായി കഴിയും. ഇവർക്ക് തീർച്ചയായും അനുഗ്രഹമുണ്ട്.

ഭൂരിപക്ഷം എവിടെയാണോ അവിടേയ്ക്കൊരു ചായ്വ് എന്നും മനുഷ്യർക്കുള്ളതാണ്. തിന്മയുടെ വശത്ത് എപ്പോഴും ആളുകളുടെ എണ്ണം കൂടുതലാണ്. ആളുകളുടെ എണ്ണം നോക്കിയല്ല സത്യവും നീതിയും തീരുമാനിക്കപ്പെടേണ്ടത്. ആളുകളുടെ എണ്ണം നോക്കിയല്ല വിശുദ്ധിയും ഭക്തിയും തീരുമാനിക്കപ്പെടേണ്ടത്. അറിഞ്ഞ സത്യങ്ങൾ മുറുകെപ്പിടിച്ച്, ഉപദേശപരമായ വിഷയങ്ങളിൽ അനുരഞ്ജനത്തിനു തയ്യാറാകാതെ, ദൈവവചനമാകുന്ന വാൾ കൈയിലെടുത്ത്, കർത്താവിൽ ആശ്രയിച്ച് തലയുയർത്തി നിൽക്കാൻ ദൈവമക്കൾ ശ്രദ്ധിക്കണം. ആളുകളുടെ എണ്ണക്കൂടുതൽ തരുന്ന സുരക്ഷിതത്വത്തേക്കാൾ വലുതാണ് കർത്താവിലെ ആശ്രയം തരുന്ന സുരക്ഷിതത്വം.

**(തുടരും)**

# കുടുംബജീവിതം:
## ചില പ്രായോഗിക ചിന്തകൾ

**-എംവിഎസ്-**

**5**

### ഭാഗം ഒന്ന്: ആമുഖചിന്തകൾ

ഈ ലേഖനപരമ്പരയെ അഞ്ച് ഭാഗങ്ങളായി തിരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. അതിൽ **'ഭാഗം ഒന്ന്: ആമുഖചിന്തകൾ'** ആണ് ഇപ്പോൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. വിവാഹവുമായി ബന്ധപ്പെട്ട്, ആദ്യഘട്ടങ്ങളിൽ സംഭവിച്ചുപോയേക്കാവുന്ന ചില തെറ്റുകളുണ്ട്. ആ തെറ്റുകളെ അധികമാരും അത്ര ഗൗരവമായി കാണാറില്ല. പക്ഷേ കുടുംബജീവിതത്തിന്റെ അനുഗ്രഹത്തിന് ആ തെറ്റുകൾ തടസ്സമായി മാറും. അതുകൊണ്ട് ആ തെറ്റുകളെ നാം ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കേണ്ടതുണ്ട്.

അപ്രകാരമുള്ള ചില തെറ്റുകൾ:

**1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച**
**2. നാട്ടുനടപ്പിനെക്കുറിച്ചുള്ള ചർച്ച**
**3. ഫോണിലൂടെയുള്ള ഇക്കിളി വർത്തമാനം** (ഇവ മൂന്നിനെപ്പറ്റിയും നാം കഴിഞ്ഞ ലക്കങ്ങളിൽ ചിന്തിച്ചതാണല്ലോ)

**4. പുറമെനിന്നു ശ്രേഷ്ഠശുശ്രൂഷകനെ വരുത്തുന്നത്**

വിവാഹനിശ്ചയവും വിവാഹവും നടത്തുന്നതിന് വരനോ വധുവോ കൂടിവരുന്ന പ്രാദേശികസഭകളിലെ മൂപ്പന്മാർ പോരെന്നും പുറമെനിന്ന് 'ശ്രേഷ്ദാസന്മാരെ' കൊണ്ടുവരണമെന്നുമുള്ള ചിന്താഗതി ചിലർ വച്ചുപുലർത്താറുണ്ട്. പള്ളിക്കാരുടെ ഇടയിൽ കല്യാണം വരുമ്പോൾ കുടുംബത്തിലെ അച്ചനെ കൊണ്ടുവരുന്ന പതിവ് പലരും കാണിക്കുന്നു; ഇതിന്റെ ഒരു അനുകരണം ദൈവമക്കളും കാണിക്കുന്നതായിരിക്കാം. സ്വന്തം സഭാകൂടിവരവിലെ മൂപ്പന്മാരെ അപമാനിക്കുന്ന ഇത്തരത്തിലുള്ള പ്രവണതകൾ ദൈവജനം ഉപേക്ഷിക്കുക തന്നെ വേണം.

സഭയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ചിലപ്പോൾ മറ്റു ചിലരെക്കൊണ്ട് ശുശ്രൂഷകൾ നടത്താൻ സഭയിലെ മൂപ്പന്മാർ തീരുമാനിച്ചേക്കാം. അവർക്ക് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ള സാഹചര്യമായിരിക്കാം. അതല്ലെങ്കിൽ മറ്റൊരാൾ നടത്തുന്നതാണ് കൂടുതൽ ഉചിതം എന്ന് അവർക്ക് തോന്നിയിട്ടുണ്ടാകാം. ഇങ്ങനെ, മൂപ്പന്മാരുടെ തീരുമാന

പ്രകാരം, മറ്റൊരാൾ ശുശ്രൂഷ നടത്തുന്നതിൽ അപാകതയില്ല. പക്ഷേ അത് മൂപ്പന്മാർ നല്ല മനസ്സോടെ എടുത്ത തീരുമാനമാകണമെന്നു മാത്രം.

"എന്റെ ബന്ധുവായ ഇന്നയിടത്തെ സുവിശേഷകനെക്കൊണ്ട് എന്റെ മകന്റെ കല്യാണം നടത്തണം" എന്ന പോലുള്ള നിബന്ധനകൾ മൂപ്പന്മാരുടെ മുമ്പാകെ ചിലർ വയ്ക്കാറുണ്ട്. ചില സുവിശേഷകന്മാർ, "ആ വിവാഹം എനിക്ക് നടത്തണമെന്ന് ദൈവാത്മപ്രേരണയുണ്ട്" എന്നും പറയാറുണ്ടത്രേ! അങ്ങനെ പറയുന്നവരോട് എനിക്ക് പറയാനുള്ളത്, "നിങ്ങളോട് ഇടപെടുന്നത് ദൈവാത്മാവു തന്നെയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു" എന്നാണ്. കാരണം പ്രാദേശികസഭയെയും അതിലെ മൂപ്പന്മാരെയും നിഷേധിക്കാൻ ദൈവാത്മാവ് ഒരിക്കലും പ്രേരിപ്പിക്കുകയില്ല.

ചില സഭകൾ, അവരുടെ വിശ്വാസികൾ ദൈവസന്നിധിയിൽ ചേർക്കപ്പെടുമ്പോൾ, ശവസംസ്കാരശുശ്രൂഷ നടത്താൻ എന്നെ ഏല്പിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. വിവാഹം നടത്തുന്നതിനും, വിവാഹനിശ്ചയം നടത്തുന്നതിനും, സ്നാനം നടത്തുന്നതിനും മറ്റു സഭകൾ എന്നെ ഏല്പിച്ച ചുരുക്കം ചില സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. എല്ലാം അതത് സഭകളുടെ മൂപ്പന്മാർ ഏൽപ്പിച്ചതാണ്. നല്ല മനസ്സോടെ ഏല്പിച്ചതാണ്. എന്റെ ശ്രേഷ്ഠത നിമിത്തമല്ല, മറ്റു ചില സാഹചര്യങ്ങൾ നിമിത്തം അവർ ഏല്പിച്ചുവെന്നു മാത്രം.

ഒരിക്കൽ ഒരു സഹോദരൻ എന്നെ വിളിച്ചു പറഞ്ഞു, "എന്റെ മകളുടെ വിവാഹനിശ്ചയമാണ്. ബ്രദർ അത് നടത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം". ഞാൻ അവരെ തിരുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: "അത് തീരുമാനിക്കേണ്ടത് നിങ്ങൾ കൂടിവരുന്ന സ്ഥലംസഭയാണ്. നിങ്ങളൊരിക്കലും ഇപ്രകാരമൊരു നിർദ്ദേശം പറയരുത്. സഭയിലും പറയരുത്. സഭ അത് വേണ്ടതുപോലെ ചെയ്തുകൊള്ളും." ഇങ്ങനെ പറഞ്ഞതിൽ യാതൊരു നഷ്ടബോധവും എനിക്ക് ഇന്നുവരെ ഉണ്ടായിട്ടില്ല. മറിച്ച്, അഭിമാനമാണ് തോന്നിയിട്ടുള്ളത്. ആ വിവാഹനിശ്ചയം ആ പ്രാദേശികസഭ ഭംഗിയായി നടത്തി. ഞാൻ സദസ്സിന്റെ കൂട്ടത്തിൽ ഒരാളായി ഇരിപ്പുണ്ടായിരുന്നു.

വിവാഹം പോലുള്ള കാര്യങ്ങളുടെ ആലോചനയിൽ കാര്യമായ പുരോഗതി ഉണ്ടായാൽ അത് സഭയെ അറിയിക്കുകയും സഭയുടെ കൂടി പങ്കാളിത്തം എല്ലാ കാര്യങ്ങളിലും ഉറപ്പാക്കുകയും വേണം. തീരുമാനങ്ങളെടുക്കുമ്പോൾ മൂപ്പന്മാരെക്കൂടി പങ്കെടുപ്പിക്കുന്നത് നല്ലതാണ്. വിവാഹം എങ്ങനെ നടത്തണം, ആര് നടത്തണം എന്നൊക്കെ തീരുമാനിക്കേണ്ടത് സഭയാണ്. സഭ നല്ല തീരുമാനങ്ങളെടുക്കാൻ വേണ്ടി നിങ്ങൾക്ക് പ്രാർത്ഥിക്കാം. നിങ്ങളോട് അത് സംബന്ധിച്ച് വല്ല നിർദ്ദേശവും മൂപ്പന്മാർ ചോദിച്ചാൽ, സഭയുടെയോ മൂപ്പന്മാരുടെയോ അന്തസ്സിനെ കളങ്കപ്പെടുത്താത്ത തരത്തിലുള്ള നിർദ്ദേശങ്ങൾ നിങ്ങൾക്ക് പറയുകയുമാവാം.

സഭയിലെ മൂപ്പന്മാരെ അവഹേളിക്കുന്ന രീതിയിലോ, വില കുറച്ച് കാണുന്ന രീതിയിലോ ഉള്ള പെരുമാറ്റം നമ്മുടെ ഭാഗത്തുനിന്നുണ്ടാകരുത്. നിങ്ങളുടെ നോട്ടത്തിൽ മൂപ്പന്മാർക്ക് പല കുറവുകൾ ഉണ്ടാകാം. അത് ചില പ്പോൾ വാസ്തവമാകാം; അല്ലെങ്കിൽ നിങ്ങളുടെ ചിന്താഗതിയുടെ പ്രശ്ന മാകാം. ഏതായാലും അവർ സഭയുടെ മൂപ്പന്മാർ ആയതുകൊണ്ട് അവരെ മാനിക്കാനുള്ള ഉത്തരവാദിത്തം സഭയിലെ ഓരോരുത്തർക്കുമുണ്ട്. അവരുടെ കുറവുകൾക്കല്ല നാം ഊന്നൽ കൊടുക്കേണ്ടത്; അവർക്ക് ദൈവം കൊടു ത്തിട്ടുള്ള സ്ഥാനത്തിനാണ്.

വിവാഹം പോലുള്ള പ്രത്യേക സന്ദർഭങ്ങളിൽ, സഭയിലെ മൂപ്പന്മാരെ മുറിവേൽപ്പിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളിലേക്ക് ആരും എത്തരുത്. അതുകൊണ്ട് അനുഗ്രഹനഷ്ടമുണ്ടാകാൻ സാധ്യതയുണ്ട് എന്നല്ല എനിക്ക് പറയാനുള്ളത്, പിന്നെയോ, നിശ്ചയമായും അനുഗ്രഹനഷ്ടമുണ്ടാകും എന്നാ ണ്. "അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല" (എബ്രായർ 13:17) എന്ന മുന്നറി യിപ്പ് തിരുവെഴുത്തിൽ തന്നിട്ടുള്ളത് വായിക്കുക. മൂപ്പന്മാരുടെ മനസ്സിനെ വിഷമിപ്പിക്കുന്നവർക്കുള്ള ഒരു താക്കീതാണ് അത്. "for that is unprofitable for you" (അത് നിങ്ങൾക്ക് ലാഭകരമല്ല) എന്നാണ് അതിന്റെ ഇംഗ്ലീഷ് തർജ്ജമ. മൂപ്പന്മാരെ വേദനിപ്പിക്കുന്നതുകൊണ്ട് യാതൊരു ലാഭവും ലഭി ക്കില്ലെന്നർത്ഥം; നഷ്ടമേ ഉണ്ടാകൂ എന്നു വ്യക്തം.

ദൈവവചനത്തെ നമുക്ക് വിശ്വസിക്കാം. "അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല" എന്ന് ദൈവവചനം മുന്നറിയിപ്പ് തന്നിരിക്കയാൽ, അതിൽ യാതൊരു മാറ്റവും ഉണ്ടാകില്ല എന്ന് തിരിച്ചറിയുക. മൂപ്പന്മാരെ ബഹുമാനിച്ചാൽ അത് നിങ്ങൾക്ക് ലാഭകരമാണ് എന്നും തിരിച്ചറിയുക. ലാഭമുണ്ടാക്കുക എന്ന ചിന്ത നിമിത്തം എന്തു തെറ്റും ചെയ്യാനുള്ള പ്രവണത കാണിക്കുന്ന ഈ സമൂഹത്തിൽ, മൂപ്പന്മാരെ ബഹുമാനിക്കുക എന്ന ശരി ചെയ്തുകൊണ്ട് നാം നമ്മുടെ ജീവിതം ലാഭകരമാക്കുക.

അതുകൊണ്ട്, നിങ്ങളുടെ വിവാഹം നടന്നപ്പോൾ, അതോടുള്ള ബന്ധ ത്തിൽ മൂപ്പന്മാരെ വേദനിപ്പിക്കുന്ന ഏതെങ്കിലും സംസാരമോ തീരുമാനമോ നിങ്ങളുടെ ഭാഗത്തുനിന്നോ ബന്ധുക്കളുടെ ഭാഗത്തുനിന്നോ ഉണ്ടായിട്ടുണ്ടെ ങ്കിൽ, നിങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് എത്ര വർഷമായാലും ശരി, ഇപ്പോൾ ആ മൂപ്പന്മാർ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരോട് ക്ഷമ ചോദിക്കുക. അവർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടെങ്കിൽ, സഭയിൽ പരസ്യമായി പറഞ്ഞ് ക്ഷമ ചോദിക്കുക. നിങ്ങളുടെ കുടുംബജീവിതം അനുഗ്രഹിക്കപ്പെട്ടതായി രിക്കട്ടെ. മൂപ്പന്മാരുടെ മനസ്സിനെ വിഷമിപ്പിച്ചുകൊണ്ട് നിങ്ങളെടുത്ത തീരു മാനങ്ങൾ മൂലം എന്തിന് അനുഗ്രഹനഷ്ടങ്ങൾ സമ്പാദിക്കണം?


**(തുടരും)**

# ഒരുമിച്ച് 50 വർഷങ്ങൾ

കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ
വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം

-എംവിഎസ്-

**Episode 5**



ജെ.സി.ദേവ്



പഴയ ഫോട്ടോ



ഭാര്യയോടൊപ്പം



ഡോ. ഒ.എം.ശാമുവൽ, വൈ. എസക്കിയേൽ എന്നിവരോടൊപ്പം

**കേരളത്തിലെ ക്രൈസ്തവസമൂഹത്തിലെ ഇന്നുള്ള ഏറ്റവും മികച്ച സാഹിത്യകാരന്മാർ ആരൊക്കെയാണ് എന്നുള്ള അന്വേഷണം സ്വതന്ത്രമായി നടത്തിയാൽ, എത്തിച്ചേരുന്ന പേരുകളിൽ ഒന്നാണ് ജെ.സി.ദേവ്. ക്രൈസ്തവമേഖലയിൽ അറിയപ്പെടുന്ന ചരിത്രകാരനും ഗ്രന്ഥകാരനുമാണ് അദ്ദേഹം. 40-തിലധികം ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ബ്രദർ ജെ.സി.ദേവിന്റെ മാസ്റ്റർപീസ് 'ആഗോളക്രൈസ്തവസഭ നൂറ്റാണ്ടുകളിലൂടെ' എന്ന പുസ്തകമാണ്. ഭാര്യ: ജോയ്സ്. അവരുടെ കുടുംബജീവിതം 53 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. മല്ലപ്പള്ളി നോർത്ത് ബ്രദറൺസഭയിൽ അവർ കൂടിവരുന്നു.**

എന്റെ ചോദ്യങ്ങളും
അദ്ദേഹത്തിന്റെ മറുപടിയും:

*1. ജനനം?*

തൃശ്ശൂർ പേരാമംഗലത്ത് ഒരു കത്തോലിക്കാകുടുംബത്തിൽ ചിറ്റിലപ്പിള്ളി ജോൺ-റോസമ്മ ദമ്പതികളുടെ മൂത്ത മകനായി 1948 നവംബർ 1-ാം തീയതിയാണ് ഞാൻ ജനിച്ചത്. പിന്നീട് അമ്മ വീടായ തൃശ്ശൂരിലെ അത്താണി എന്ന സ്ഥലത്തേക്ക് താമസം മാറ്റി. ഇപ്പോൾ നെടുങ്ങാടപ്പള്ളി എന്ന സ്ഥലത്ത് താമസിക്കുന്നു.

*2. വടക്കനച്ചനുമായുള്ള ബന്ധം?*

ഫാദർ വടക്കന്റെ *തൊഴിലാളി* എന്ന പത്രത്തിൽ പത്രപ്രവർത്തകനായി ജോലി ചെയ്തിട്ടുണ്ട്. എന്റെ യഥാർത്ഥ പേര് സി. ജെ. ദേവസ്സി എന്നാണ്. വടക്കനച്ചനാണ് ജെ.സി. ദേവ് എന്ന തൂലികാനാമം സ്വീകരിക്കാൻ നിർദ്ദേശിച്ചത്.



ജെ.സി. ദേവും കുടുംബവും

*3. വിവാഹം?*

1973 ഫെബ്രുവരി 22 നായിരുന്നു വിവാഹം. കോട്ടയം ജില്ലയിൽ വാഴൂർ കൗന്നിലത്തിൽ വീട്ടിൽ കെ. വി. കോര (പാപ്പച്ചൻ)യുടെയും മറിയാമ്മകോര (ചിന്നമ്മ)യുടെയും മൂത്തമകൾ ജോയ്സ് ആണ് എന്റെ ഭാര്യ. വാഴൂർ കൗന്നിലം പെന്തെക്കൊസ്ത് സഭയാണ് ഞങ്ങളുടെ വിവാഹം നടത്തിയത്. അന്നത്തെ സഭാപ്രസിഡണ്ട് പാസ്റ്റർ വി. ജെ. ജേക്കബ് ചെന്നിത്തലയാണ് വിവാഹം നടത്തിയത്. പാസ്റ്റർ എം. ഈ. ജേക്കബ് മാവേലിക്കര വചനശുശ്രൂഷയും നടത്തി.

*4. മക്കൾ?*

മൂന്നു മക്കളാണുള്ളത്. മൂത്ത മകൻ ജോൺ ദേവ്. 54 ദിവസം മാത്രമേ ജീവിച്ചിരുന്നുള്ളൂ. രണ്ടാമത്തെ മകൻ ഗോഡ്ലി ദേവ്. മൂന്നാമത്തേത് മകളാണ് – ആഗ്നസ് ജോയ്സ് ദേവ്.

ഗോഡ്ലി ഇപ്പോൾ എറണാംകുളത്ത് കുടുംബമായി താമസിക്കുന്നു. ഭാര്യ:സ്മിത. മകൻ: ഡോൺ ഗോഡ്ലി.

## ജെ.സി. ദേവിന്റെ വായനശീലം

**സി. വി. താരപ്പൻസഹോദരന്റെ ചരിത്രം മാസികയിൽ പ്രസിദ്ധീകരിക്കാനായി വിവരങ്ങൾ പലരിൽ നിന്നും ശേഖരിക്കവേ, ജീവദ്ധ്വനി മാസികയുടെ എഡിറ്ററായിരുന്ന ബ്രദർ കെ. ആർ. ജോസ് എന്നോട് പറഞ്ഞു: "താരപ്പേട്ടനും മഹാകവി കെ.വി.സൈമൺസാറും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ജെ. സി. ദേവ് ആണ് എന്നോട് പറഞ്ഞത്."**

**അതിന് തെളിവ് ചോദിച്ചുകൊണ്ട് ഞാൻ ദേവ്സാറിനെ വിളിച്ചു. അദ്ദേഹം പറഞ്ഞു: "സൈമൺസാറിന്റെ ജീവചരിത്രം ടി. എ. കുരിയൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ സൈമൺസാറിന്റെ ഡയറിക്കുറിപ്പുകൾ കൊടുത്തിട്ടുണ്ട്. അതിലുണ്ട്."**

**ഉടനെ ഞാൻ: "ആ പുസ്തകവും ഡയറിക്കുറിപ്പുകളും ഞാൻ വായിച്ചിട്ടുണ്ട്. പക്ഷേ അതിൽ ഈ വിവരം വായിച്ചതായി ഓർക്കുന്നില്ല."**

**അല്പസമയത്തിനുള്ളിൽ അദ്ദേഹം എനിക്ക് ആ പേജ് നമ്പറുകൾ പറഞ്ഞുതന്നു. മണ്ണുത്തിയിൽ പ്രൊഫ. ടി. ജോൺമാതൃുസാറിന്റെ പക്കൽനിന്ന് ആ പുസ്തകം വീണ്ടുംവാങ്ങി ഞാൻ ആ പേജ് നമ്പറുകൾ പരിശോധിച്ചു. സംഗതി ശരിയാണ്. എന്റെയും ദേവ് സാറിന്റെയും പുസ്തകവായനയുടെ വ്യത്യാസം! (എഡിറ്റർ)**

കോളേജ് വിദ്യാർത്ഥിയാണ്. (ഗോഡ്‌ലിയും കുടുംബവും ഞങ്ങളുടെ പ്രത്യേക പ്രാർത്ഥനാവിഷയമാണ്)

മകൾ ആഗ്നസ് സാം ഇപ്പോൾ കുടുംബമായി ആസാമിൽ താമസിക്കുന്നു. ഭർത്താവ്: സാം. സി. രാജൻ. മക്കൾ: പെർസിസ്, റിച്ചാർഡ്. വിദ്യാർത്ഥികളാണ്. ആഗ്നസ് അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഒപ്പം സാഹിത്യരചനകളിൽ ഏർപ്പെട്ടുവരുന്നു. *മദർതെരേസ: നൂറ്റാണ്ടിന്റെ അമ്മ* എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*5. കുടുംബജീവിതത്തിലെ പ്രശ്നങ്ങളെപ്പറ്റി?*

കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഭാര്യാഭർത്തൃജീവിതത്തിൽ യാതൊരുവിധ ഇടർച്ചയോ പ്രശ്നങ്ങളോ അകൽച്ചയോ ദൈവകൃപയാൽ ഉണ്ടായിട്ടില്ല. കർത്തൃമേശയിൽനിന്നോ ശുശ്രൂഷകളിൽനിന്നോ മാറിനിൽക്കേണ്ടി വന്നിട്ടില്ല. ഒത്തുതീർപ്പിനോ മധ്യസ്ഥതയ്ക്കോ വിധേയപ്പെടേണ്ടി വന്നിട്ടില്ല. കുടുംബപ്രാർത്ഥന മുടക്കിയിട്ടില്ല. ഇന്നും ഞങ്ങൾ രണ്ടുപേരും രണ്ടോ മൂന്നോ തവണ ദിവസേന പ്രാർത്ഥിക്കാറുണ്ട്. എന്നാൽ പുറമേനിന്ന് ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. പല ഭീഷണികളും വെല്ലുവിളികളും നേരിടേണ്ടിവന്നിട്ടുണ്ട്. ഇവ ശുശ്രൂഷകൾക്കെതിരെയുള്ള പോരാട്ടങ്ങളാണ്. വേദനിപ്പിക്കുന്ന ധാരാളം അനുഭവങ്ങൾ ഉണ്ടാകാറുണ്ട്.

*6. എങ്ങനെയാണ് അതെല്ലാം അഭിമുഖീകരിച്ചത്?*

ഞങ്ങൾക്ക് ആരോടും ഒരു പ്രശ്നവും പോരാട്ടവുമില്ല. ഇതെല്ലാം വിശ്വാസത്തിന്റെ ഭാഗമായിട്ട് ഞങ്ങൾ അംഗീകരിക്കുന്നു. ക്ഷമയും സഹിഷ്ണുതയുമാണ് ഞങ്ങളുടെ സമീപനം. പ്രാർത്ഥനയാണ് ഞങ്ങളുടെ മാർഗ്ഗം. ദൈവത്തിന്റെ കൃപയും വിടുതലും ധാരാളം അനുഭവിച്ചിട്ടുണ്ട്. ഒരു കാരണവശാലും വിശ്വാസത്തിനോ ശുശ്രൂഷകൾക്കോ ആക്ഷേപം വരുവാൻ ദൈവം അനുവദിച്ചിട്ടില്ല. ദൈവം ഇതുവരെയും നിലനിർത്തി.

*7. കുടുംബജീവിതം തകരാതിരിക്കാൻ യുവതലമുറയ്ക്ക് എന്ത് നിർദ്ദേഷങ്ങളാണ് കൊടുക്കാനുള്ളത്?*

ദൈവഭയം വ്യക്തിജീവിതത്തിൽ നിലനിർത്തണം. വചനം കൃത്യമായി അനുസരിക്കണം. സ്വയനിയന്ത്രണം, ആത്മീയഅച്ചടക്കം, ശിഷ്യത്വത്തിന്റെ മനോഭാവം, ദൗത്യബോധം, ജീവിതവിശുദ്ധി എന്നിവ ശീലമാക്കണം. ക്രിസ്തു നമുക്ക് റോൾമോഡലാകണം. അങ്ങനെ ഒരു ജീവിതശൈലി പ്രായോഗികമാക്കാൻ കഴിഞ്ഞാൽ കുടുംബജീവിതവും സഭാജീവിതവും ശുശ്രൂഷാജീവിതവും സംരക്ഷിക്കാൻ സാധിക്കും

# ഇമ്മാനുവിന്റെ സംശയങ്ങൾ 48

എംവിഎസ്

## ഒരു പാലമിട്ടാൽ...!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

വണ്ടിയിൽ തിരക്ക് പിടിച്ചു പോകുന്നവർ അവനെ കണ്ടാൽ ആ തിരക്ക് മറന്ന് വണ്ടി നിറുത്തി അവനിട്ട് ഒരെണ്ണം പൊട്ടിച്ചിട്ടു പോകും. അവന്റെ കയ്യിലിരിപ്പിന്റെ പ്രത്യേകത അതാണ്.

നാലാംക്ലാസ്സിൽ പഠിക്കുന്ന ഇമ്മാനുവിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്. എന്റെ ഒരേയൊരു മോൻ!

സംശയങ്ങൾ ചോദിക്കാൻ വേണ്ടി മാത്രം പിറന്നവൻ!

''പപ്പാ എനിക്കൊരു സംശയമുണ്ട്'' അവൻ പറഞ്ഞു.

“ആ, ചോദിക്ക്” ഞാൻ വലിയ താത്പര്യമില്ലാത്തതുപോലെ പറഞ്ഞു.

“ഒരു പാലമിട്ടാൽ അങ്ങോട്ടുമിങ്ങോട്ടും വേണം എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?”

എനിക്ക് ഉത്തരം പറയേണ്ടിവന്നില്ല. അപ്പോഴേക്കും അയൽവാസിയായ അന്ത്രോസ്ബ്രദർ, “സംശയമാണെങ്കിൽ എന്നോട് ചോദിക്ക് ഇമ്മാനുട്ടാ, ഞാൻ പറഞ്ഞുതരാം” എന്നും പറഞ്ഞ് ഓടിവന്നു.

ഇമ്മാനു സംശയം ആവർത്തിച്ചു.

ലോകത്താർക്കും അറിയാത്ത ഒരു ചോദ്യത്തിന് ഉത്തരം പറയാൻ പോകുന്നു എന്ന ഭാവത്തിൽ അന്ത്രോസ്ബ്രദർ വാ തുറന്നു:

“അതായത്, അങ്ങോട്ടും ഇങ്ങോട്ടും കടക്കാൻ രണ്ട് പാലത്തിന്റെ ആവശ്യമില്ല. രണ്ടു വശത്തേക്കും പോകേണ്ടവർക്ക് സൗകര്യമായി പോകാനുള്ള വലിപ്പും ആ ഒരു പാലത്തിന് ഉണ്ടായിരിക്കണം. ഇതാണ് അതിന്റെ അർത്ഥം”

അന്ത്രോസ്ബ്രദറിന്റെ ആജന്മശത്രുവും അയൽവാസിയുമായ ഇറ്റ്യാനംചേടത്തി പിന്നിൽ വന്ന് നിന്നത് ആരും കണ്ടില്ല. അന്ത്രോസ്ബ്രദറിന്റെ മറുപടി കേട്ടപാടെ ഇറ്റ്യാനംചേടത്തി പൊട്ടിച്ചിരിക്കുകയും കൂവുകയും ചെയ്തു.

“എന്നാൽ ഇമ്മാനുട്ടൻ പറഞ്ഞതിന്റെ അർത്ഥം ഇറ്റ്യാനം പറഞ്ഞ് കൊട്... അറിവിന്റെ വല്യ ടാങ്ക് അല്ലേ?” അന്ത്രോസ്ബ്രദർ ദേഷ്യത്തോടെ പറഞ്ഞു.

“അതിനെന്താ ഞാൻ പറഞ്ഞുതരാം. ഒരു പാലമിട്ടാൽ അങ്ങോട്ടു മാത്രം പോയാൽ പോരാ. ആ പോയ വ്യക്തി അതേ പാലത്തിലൂടെ തന്നെ

ഇങ്ങോട്ടു മടങ്ങിവരികയും വേണം. ഇതാണ് അതിന്റെ അർത്ഥം."

ഇത്തവണ ചിരിച്ചത് എന്റെ ഭാര്യ യാണ്. അവൾ പറഞ്ഞു: "ഇതൊന്നു മല്ല അതിന്റെ അർത്ഥം. ഇങ്ങോട്ട് അടിച്ചാൽ അങ്ങോട്ടും തിരിച്ച് അടി ക്കാം എന്നാണ് അതിന്റെ അർത്ഥം"

ആ പറഞ്ഞത് ശരിയാണല്ലോ എന്ന മട്ടിൽ അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും പരസ്പരം നോക്കി.

''ഇതിൽ ആര് പറഞ്ഞതാണ് ശരി?" ദേഷ്യത്തോടെയാണ് ഇമ്മാനു ഇത് ചോദിച്ചത്.

''ഞാൻ പറഞ്ഞതാണ് ശരി'' അവന്റെ അമ്മ നല്ല ആത്മവിശ്വാസ ത്തോടെ പറഞ്ഞു.

"അങ്ങനെയെങ്കിൽ എന്റെ അടു ത്ത സംശയം..." ഇമ്മാനു തൊണ്ട ശരിയാക്കി ബാക്കി പറഞ്ഞു... "അതായത് പപ്പ എന്നെ തല്ലിയാൽ എനിക്ക് തിരിച്ച് തല്ലിക്കൂടെ?"

''ഹെന്റെ കർത്താവേ!'' എന്ന് പറഞ്ഞ് ഇറ്റ്യാനംചേടത്തി നെഞ്ചത്ത് കൈവച്ചു.

എന്റെ ഭാര്യ അവന്റെ നടുംപു റത്ത് നോക്കി ഒന്ന് കൊടുത്തു. അവൻ അലറിവിളിച്ച് അടുത്ത പറ മ്പിലേക്ക് ഓടി.

"വാടാ, എന്നെ തല്ലാൻ വാടാ..." എനിക്കും ദേഷ്യം അടക്കാനായില്ല.

അപ്രതീക്ഷിതമായുണ്ടായ ഈ ട്വിസ്റ്റ് കണ്ട് അന്ത്രോസ്ബ്രദർ തല യ്ക്ക് അടിയേറ്റ ആളെപ്പോലെ നിന്നു.

മൂപ്പന്റെ സ്കൂട്ടറിന്റെ ശബ്ദം... ഇമ്മാനുവിന് ആശ്വാസമായി. മൂപ്പന്റെ മുമ്പിൽ വച്ച് ഞാൻ അവനെ തല്ലില്ലെന്ന് അവനറിയാം.

മൂപ്പൻ വന്നപ്പോൾ കാര്യങ്ങ ളെല്ലാം മൂപ്പനോട് വിശദീകരിച്ചു. മൂപ്പൻ ചിരിച്ചുകൊണ്ട് പറഞ്ഞു:

"നിങ്ങൾ മൂന്നു പേരും പറഞ്ഞ മറുപടി തെറ്റാണ്. ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും വേണം എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം പര സ്പരം സഹായവും സഹകരണവും വേണം എന്നാണ്. മറ്റുള്ളവർ നമുക്ക് സഹായം ചെയ്യണം എന്ന് നാം ആഗ്രഹിക്കുന്നതുപോലെ നാം മറ്റു ള്ളവരേയും സഹായിക്കണം. ഒരു വശത്തേക്കുള്ള സ്നേഹവും സഹ കരണവും പോരാ. ഇങ്ങോട്ടുള്ളതു പോലെ അങ്ങോട്ടും വേണം."

ഉടനെ ഇമ്മാനു തേങ്ങിക്കൊണ്ട് പറഞ്ഞു: "മമ്മി തെറ്റായ വിധത്തിലാ ണ് മറുപടി പറഞ്ഞത്. അപ്പോഴാണ് ഞാൻ പപ്പയെ തിരിച്ചുതല്ലുന്ന കാ ര്യം സംശയമായി ചോദിച്ചത്."

മൂപ്പൻ തന്നെ പിന്തുണയ്ക്കും എന്ന് ഇമ്മാനു വിചാരിച്ചു. പക്ഷേ മൂപ്പന്റെ മറുപടി ഇങ്ങനെയായിരുന്നു:

''ഇമ്മാനു അങ്ങനെ മനസ്സിൽ പോലും പറയാൻ പാടില്ലായിരുന്നു. പപ്പയുടെ ചെലവിലല്ലേ ഇമ്മാനു കഴി യുന്നത്? ഇമ്മാനുവിനെപ്പോലുള്ള കുട്ടികൾ മാതാപിതാക്കളെക്കുറിച്ച് ബഹുമാനത്തോടെ മാത്രമേ ചിന്തി ക്കാവൂ, പറയാവൂ. കേട്ടോ?"

ഇമ്മാനു തലയാട്ടി.

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

44

## ചെകിടത്ത് കിട്ടിയ തല്ല്!

**1983**

ഞാൻ എട്ടാംക്ലാസ്സിൽ പഠിക്കുന്ന സമയം. കൃഷ്ണൻകുട്ടി മാഷ് ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്നു.

അപ്പോഴാണ് പിയൂൺചേച്ചി ഒരു അറിയിപ്പ് (മെമ്മോ, memo) ക്ലാസ്സിലേക്ക് കൊണ്ടുവന്നത്.

പിൻബെഞ്ചിൽ ഇരുന്നിരുന്ന ഞാൻ ഷൈൻ ചെയ്യുന്നതിന്റെ ഭാഗമായി, "മേമ വന്നു, മേമ വന്നു" എന്നു വിളിച്ചുപറഞ്ഞു. എല്ലാ കുട്ടികളും ചിരിച്ചു. ആ ആവേശത്തിൽ ഞാൻ അത് ഒരു തവണകൂടി ആവർത്തിച്ചു.

കൃഷ്ണൻകുട്ടി മാഷ് മെമ്മോ ക്ലാസ്സിൽ വായിച്ചില്ല. അത് അദ്ധ്യാപകർക്കുള്ള എന്തോ അറിയിപ്പായിരുന്നു. അദ്ദേഹം അതിൽ ഒപ്പിട്ടു. അതുംകൊണ്ട് പിയൂൺചേച്ചി പോവുകയും ചെയ്തു.

ഇനിയാണ് ട്വിസ്റ്റ്...

"ആരാണ് ആ കമന്റ് പാസ്സാക്കിയത്?" കൃഷ്ണൻകുട്ടിമാഷ് ചോദിച്ചു. എല്ലാവരും ചിരിച്ചുകൊണ്ട് എന്നെ നോക്കി. വലിയ തമാശ പറഞ്ഞതിന്റെ സന്തോഷം അധികമൊന്നും പുറത്തുകാണിക്കാതെ, 'ഇതൊക്കെ എന്ത്? നിസ്സാരം!' എന്ന ഭാവത്തിൽ ഒരു പുഞ്ചിരിയോടുകൂടി ഞാൻ എഴുന്നേറ്റുനിന്നു.

കൃഷ്ണൻകുട്ടിമാഷ് എന്റെ അടുത്തേക്ക് വന്ന് ഈ പതിമൂന്നുകാരന്റെ ചെകിടത്ത് ഒറ്റ അടി! അടി മാത്രം. വേറെ ഡയലോഗുകൾ ഒന്നും ഇല്ലായിരുന്നു.

ഞാനാകെ വിറച്ചുപോയി. ക്ലാസ് പെട്ടെന്നു നിശബ്ദമായി. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അടിയുടെ വേദനയും, പോരാത്തതിന് നാണക്കേടും.

അടി കിട്ടിയ വിവരം ഞാൻ വീട്ടിൽ പറഞ്ഞില്ല. പറഞ്ഞാൽ അവിടെനിന്നും തല്ല് കിട്ടും. അതാണ് അന്നത്തെ കാലം. ഇന്നത്തെപ്പോലെ തല്ലിയ മാഷിനെ ചോദ്യം ചെയ്യുകയോ രക്ഷിതാക്കൾ വന്ന് തിരിച്ചു തല്ലുകയോ ചെയ്യുന്ന കാലമല്ല. പോലീസിൽ പരാതിപ്പെടുകയുമില്ല.

കൃഷ്ണൻകുട്ടിമാഷോട് പ്രത്യേകിച്ചൊരു ശത്രുതയും തോന്നിയില്ല. മേലാൽ ഇത്തരം കമന്റുകൾ ഒഴിവാക്കണമെന്ന് ഞാൻ തിരിച്ചറിഞ്ഞു. ആ അടി അങ്ങനെ ഉപകാരമായി.

ഈ വിവരം വീട്ടിലറിഞ്ഞാലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചായിരുന്നു എന്റെ ഭയം. ഭാഗ്യത്തിന് ക്ലാസ്സിലെ പാരകൾ ആരും ഈ സംഭവത്തിന് അധികം മൗത്ത് പബ്ലിസിറ്റി കൊടുത്തില്ല. അവർക്കും വിഷമമായിക്കാണുമായിരിക്കും.

ഒരു പ്രോഗ്രാമിൽ അതിന്റെ അവതാരകയോട് നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ "അമ്മാതിരി കമന്റുകൾ വേണ്ട" എന്നു പറയുന്നത് കേട്ടപ്പോൾ ഞാൻ ഓർത്തത് കൃഷ്ണൻകുട്ടിമാഷിനെയാണ്.

എന്റെ ചെകിടത്ത് ഒന്ന് പൊട്ടിച്ചുകൊണ്ട് അദ്ദേഹം തന്ന സന്ദേശവും അതാണല്ലോ - അമ്മാതിരി കമന്റ് എന്റെ ക്ലാസ്സിൽ വേണ്ട.

## 2026

ഞങ്ങളുടെ എസ്എസ്എൽസി ബാച്ചിന്റെ വാട്സാപ്ഗ്രൂപ്പിൽ ഞാൻ ഈ സംഭവം ഈയിടെ പങ്കുവച്ചു.

ഞങ്ങളെ പഠിപ്പിച്ച പല അദ്ധ്യാപകരും മരിച്ചുപോയെങ്കിലും കൃഷ്ണൻകുട്ടിമാഷ് ഇപ്പോഴും ഉണ്ട് എന്ന് ആരോ ഗ്രൂപ്പിൽ അറിയിച്ചു. അദ്ദേഹം താമസിക്കുന്നത് എന്റെ കൂട്ടുവിശ്വാസിയായ, ചേറൂരുള്ള ഡേവീസ്സഹോദരന്റെ വീടിന്റെ അടുത്താണ് എന്നും അന്വേഷണത്തിലൂടെ ഞാൻ മനസ്സിലാക്കി.

ഡേവീസ്ബ്രദറെയും കൂട്ടി കൃഷ്ണൻകുട്ടിമാഷിന്റെ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ടു. എൺപത് വയസ്സുള്ള അദ്ദേഹത്തിന് ഡ്രൈ ഫ്രൂട്ട്സ് അടങ്ങിയ ഒരു പായ്ക്കറ്റ് സമ്മാനിച്ചു. അദ്ദേഹത്തിന്റെ അഭിമുഖം വീഡിയോ എടുത്ത് ഗ്രൂപ്പിലിട്ടു.

43 വർഷം മുമ്പ് എന്നെ ചെകിട്ടത്തടിച്ച് തിരുത്തിയതിന് ഞാൻ കൊടുത്ത സമ്മാനം ഗ്രൂപ്പിൽ ചർച്ചാവിഷയമായി.

*16-ാം വയസ്സിൽ ഹൈസ്കൂൾ കുട്ടികൾക്ക് ട്യൂഷൻ എടുത്തു തുടങ്ങിയ ഞാൻ അദ്ധ്യാപകജീവിതത്തിൽ 40-ാം വർഷത്തേക്ക് കടക്കുകയാണ്. ഇക്കഴിഞ്ഞ 40 വർഷത്തിനിടയിൽ ഒരു കുട്ടിയെയും ഞാൻ ചെകിടത്ത് അടിച്ചിട്ടില്ല. ഇക്കാലത്ത് അങ്ങനെ ചെയ്താൽ പോലീസ് വന്ന് എന്നെ കൊണ്ടുപോകും. ചാനലുകളിലെ അന്തിച്ചർച്ചയിൽ എന്നെ വലിച്ചുകീറും. സോഷ്യൽമീഡിയായിൽ എല്ലാവരും കൂടി എനിക്ക് പൊങ്കാലയിടും.*

*അനവസരത്തിൽ നടത്തിയ ഒരു അനാവശ്യകമന്റ് നിമിത്തം ഉണ്ടായ പൊല്ലാപ്പുകൾ നോക്കുക. അനാവശ്യകമന്റുകൾ (ആവശ്യമില്ലാത്ത അഭിപ്രായപ്രകടനങ്ങൾ) നമ്മുടെ ജീവിതത്തിൽ ചിലപ്പോൾ തിരിച്ചടികൾക്ക് കാരണമാകും. കൈയിൽ നിന്ന് പോയ ആയുധവും വായിൽ നിന്ന് പോയ വാക്കും തിരിച്ചെടുക്കാൻ ആവില്ലല്ലോ. രണ്ടും സൂക്ഷിച്ച് ഉപയോഗിക്കണം.*

*നാം പറഞ്ഞുപോയതിൽ എഡിറ്റിംഗും (തിരുത്തലും) സാധ്യമല്ല. പിന്നെയുള്ള മാർഗ്ഗം സോറി പറയലാണ്. നമ്മുടെ അസ്ഥാനത്തുള്ള അനാവശ്യവാക്കുകൾ ആരെയെങ്കിലും മുറിവേൽപിച്ചുവെന്ന് നമുക്ക് മനസ്സിലായാൽ ആ വ്യക്തിയോട് സോറി പറയുക.*

*ഒരു സോറി പറയുന്നതുകൊണ്ട് നമുക്കൊന്നും നഷ്ടപ്പെടാനില്ല. എന്നാൽ ആ സോറി (ക്ഷമാപണം) സ്വീകരിക്കപ്പെട്ടാൽ അതിന്റെ ഫലം വളരെയധികമാണ്. മരുന്നുകൾക്ക് മായ്ക്കാനാവാത്ത നിരവധി മാനസികമുറിവുകൾ അതുകൊണ്ട് സൗഖ്യമാകും.*

*അനാവശ്യ അഭിപ്രായപ്രകടനങ്ങൾ മനഃപൂർവ്വം ഒഴിവാക്കി ജീവിതത്തെ കളർഫുൾ ആയി നിലനിർത്താൻ നമുക്ക് ശ്രമിക്കാം.*

*ഒരാവശ്യവുമില്ലാതെ നാം പറയുന്ന വാക്കുകൾ ആരെയും വേദനിപ്പിക്കാതിരിക്കട്ടെ. ബുദ്ധിമുട്ടിക്കാതിരിക്കട്ടെ.*

*തെറ്റുകൾക്ക് നേരെ പ്രതികരിക്കരുതെന്നോ പ്രതിഷേധിക്കരുതെന്നോ ഇതിനർത്ഥമില്ല. വെറുതെ വന്ന് ദേഹത്തേക്ക് ഇടിച്ചുകയറുന്നവരോട് നിശബ്ദത പാലിക്കണം എന്നും ഇതിനർത്ഥമില്ല. അനാവശ്യകമന്റുകൾ ഒഴിവാക്കുക എന്നു മാത്രമാണ് ഇതിനർത്ഥം.*

കൃഷ്ണൻകുട്ടിമാഷിന്റെ ആ തല്ല് പ്രയോജനപ്പെടുത്താൻ എനിക്ക് കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ആ തല്ലിന്റെ പേരിൽ ഒരു വൈരാഗ്യം ഞാൻ വച്ചുപുലർത്തിയിരുന്നുവെങ്കിൽ എന്റെ ജീവിതം തെറ്റായ ദിശയിലേക്ക് ഒഴുകമായിരുന്നു. ❍

**വരവിചാരം** **ജെയ്മോഹൻ അതിരുങ്കൽ**





# www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

**ആനുകാലികം**

## നിർബന്ധിത മതപരിവർത്തനം: യുപിയിൽ മലയാളി പാസ്റ്റർ അറസ്റ്റിൽ

ഉത്തർപ്രദേശിലെ സിക്കന്തൂർപൂരിലാണ് മലയാളി പാസ്റ്റർ ജോസ് തോമസ് അറസ്റ്റിലായത്. തിരുവനന്തപുരം സ്വദേശിയാണ്. ആളുകൾക്ക് പണവും ജോലിയും വാഗ്ദാനം ചെയ്ത് അവരെ നിർബന്ധിച്ച് മതപരിവർത്തനം നടത്തിയെന്നും ഹിന്ദു ദൈവങ്ങളെ ആക്ഷേപിച്ചു എന്നതുമാണ് അദ്ദേഹത്തിനെതിരെയുള്ള ആരോപണം. ബജ്രംഗ്ദളിന്റെ ജില്ലാ കോഡിനേറ്റർ പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മതപരിവർത്തന നിരോധന നിയമപ്രകാരമാണ് യുപി പോലീസ് അദ്ദേഹത്തിനെതിരെ കേസെടുത്തത്. അദ്ദേഹം താമസിച്ചിരുന്ന മുറിയിൽനിന്ന് മതപരമായ പുസ്തകങ്ങൾ പിടിച്ചെടുത്തു. **(2026 ഫെബ്രുവരി 23 ലെ പത്രവാർത്ത)**

യുപി പൊലീസ് കണ്ടെടുത്ത തൊണ്ടിമുതലും തെളിവുകളും കൊള്ളാം – മതപരമായ പുസ്തകങ്ങൾ! വടിവാളും ബോംബും കണ്ടെടുത്തു എന്നല്ല. ഈ മതപരമായ പുസ്തകങ്ങളുടെ കെട്ടിന്റെ മുമ്പിൽ പാസ്റ്ററെ നിർത്തി, ഇരുവശത്തും പൊലീസും നിന്നുകൊണ്ടുള്ള ഒരു ഫോട്ടോ പൊലീസ് പ്രസിദ്ധീകരിച്ചിരുന്നു. കഞ്ചാവ് പിടിച്ചെടുത്താൽ, ആ കഞ്ചാവിന്റെ മുമ്പിൽ പ്രതിയെ നിർത്തി ഫോട്ടോ എടുക്കുന്നതു പോലെ! മതപരമായ പുസ്തകങ്ങൾ കൈവശം വയ്ക്കുന്നത് തെറ്റാണെന്നോ!

ആളുകളെ നിർബന്ധിച്ച് മതപരിവർത്തനം നടത്തിയത്രേ! അങ്ങനെ ആരെങ്കിലും പരാതിപ്പെട്ടോ? ഇല്ല. പരാതിപ്പെട്ടത് ബജ്രംഗ്ദളിന്റെ ജില്ലാ കോഡിനേറ്റർ! അയാളെ മതപരിവർത്തനത്തിന് നിർബന്ധിച്ചുവോ? അതുമില്ല. ക്രിസ്തീയപ്രവർത്തനങ്ങളെ തുടച്ചുനീക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ബജ്രംഗ്ദൾ സുഹൃത്തുക്കൾ രാജ്യപുരോഗതിക്കുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നു വ്യക്തമാക്കട്ടെ. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V